بسم الله الرحمن الرحيم

# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 10/10/14

(15 DHUL-HIJJAH 1435 Hijiri)

## Hazrat Khalifathullah Munir Ahmad Azim (A)

സലാമിനു ശേഷം തശഹ്ഹുദ്, തഅവ്വുദ്, സൂറ: അൽഫാതിഹാ ഇവ പാരായണം ചെയ്ത ശേഷം ഹസ്രത് മുഹ്യിദ്ദീൻ (അ) പറഞ്ഞു.

യാ അല്ലാഹ് ! നിന്നോട് വണക്കമുള്ളവനായി എന്നെ നീ ആക്കിത്തീർക്കണമേ ! പശ്ചാത്തപിക്കുവാൻ എന്റെ നെഞ്ച് തുറന്നു തരേണമേ ! എന്നെ നിന്റെ സംരക്ഷണയിൽ നിർത്തേണമേ ! ഹൃദയം എന്ന വിഷയത്തിന്റെ മൂന്നാം ഭാഗ പ്രസംഗം തുടരുവാനുള്ള അറിവ് പ്രദാനം ചെയ്യേണമേ ! കപടവിശ്വാസികളല്ലാത്ത, മുത്തഖീങ്ങളും സത്യാന്വേഷകരുമായവരുടെ ഹൃദയങ്ങൾക്ക് സ്വർഗ്ഗത്തിൽ നിന്നും പ്രവഹിക്കുന്ന നിന്റെ പ്രകാശം കരഗതമാക്കുവാൻ സാധിക്കുമല്ലോ ! അവരുടെ ഹൃദയങ്ങളിൽ തുളച്ചു കയറുന്ന ദൈവീക പ്രകാശത്തിലൂടെ അവർക്ക് ഹൃദയ സമാധാനം ലഭ്യമാകുന്നതാണ്. ആമീൻ.

സർവ്വ ശക്തനായ അല്ലാഹുവിനെ സ്മരിക്കുന്നതിലൂടെയാണ് ഹൃദയത്തിന് ശാന്തിയും സമാധാനവും ലഭ്യമാകുന്നത്. വിശ്വാസ ദൃഢീകരണത്തിലൂടെയാണ് അത് ലഭിക്കുന്നത്. സർവ്വശക്തനായ അല്ലാഹു ഹസ്രത് ഇബ്രാഹീം (അ) ന്റെ സംഭാഷണം ഇപ്രകാരം വിവരിക്കുന്നു. **“ഇബ്രാഹീം പറഞ്ഞ സന്ദർഭവും (ഓർക്കുക) എന്റെ നാഥാ മരിച്ചവരെ നീ എങ്ങനെയാണ് ജീവിപ്പിക്കുന്നതെന്ന് എനിക്ക് കാണിച്ച് തരുക. (അല്ലാഹു) പറഞ്ഞു. നീ വിശ്വസിച്ചിട്ടില്ലേ ? അദ്ദേഹം പറഞ്ഞു, ഉണ്ട്. (ഞാൻ വിശ്വസിച്ചിട്ടുണ്ടെന്നത് ഒരു യാഥാർത്ഥ്യമാണ്) പക്ഷേ എന്റെ മനസമാധാനത്തിനു വേണ്ടിയാണ് (ഞാൻ ഈ ചോദ്യം ഉന്നയിച്ചത്)”** (2:261)

അർത്ഥം :- അല്ലയോ എന്റെ രക്ഷിതാവേ ! നിന്റെ ശക്തി പ്രകടന ദൃഷ്ടാന്തം എന്റെ കണ്ണുകൾകൊണ്ട് സാക്ഷ്യം വഹിക്കുമ്പോൾ എന്റെ വിശ്വാസം കൂടുതൽ ശക്തിമത്തായി തീരുന്നതാണ്. ഹസ്രത് ഈസ (അ) ന്റെ അനുചരന്മാരുടെ അഭ്യർത്ഥന സർവ്വ ശക്തനായ അല്ലാഹു വിവരിക്കുന്നു. താഴെപ്പറയുന്ന വചനത്തിലൂടെ അല്ലാഹു അവരുടെ മേൽ ചൊരിഞ്ഞ അനുഗ്രഹങ്ങളെപ്പറ്റി വിവരിക്കുന്നു. **“ഞങ്ങൾ അതിൽ നിന്ന് ഭക്ഷിക്കുകയും ഞങ്ങൾക്ക് മനസമാധാനം ഉണ്ടാവുകയും ചെയ്യുന്നതിന് വേണ്ടി”** (5:114) ഇതുകൊണ്ട് അർത്ഥമാക്കുന്നത് ഞങ്ങളുടെ ഹൃദയ സമാധാനത്തിന് വേണ്ടി, ഞങ്ങളുടെ വിശ്വാസം കൂടുതൽ ദൃഢീകരിക്കുന്നതിനുവേണ്ടി. ഞങ്ങളുടെ മേൽ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ ചൊരിയുന്നത് ഞങ്ങൾ കാണുകയാണെങ്കിൽ, അപ്പോൾ ആ തെളിവുകളിലൂടെ, ഞങ്ങൾ കൂടുതൽ ബലവത്തായ വിശ്വാസികളായി തീരുന്നതാണ് ; തദ്വാര മനസമാധാനം കരഗതമാകുന്നതുമാണ്.

ബദ്ർ യുദ്ധ വേളയിൽ സർവ്വശക്തനായ അല്ലാഹു മുസ്ലീംകളെ സഹായിക്കുന്നതാണെന്നും താഴെപ്പറയുന്ന വാക്കുകളിലൂടെ വാഗ്ദാനം ചെയ്യുകയുണ്ടായി. **“ഇക്കാര്യം നിങ്ങൾക്ക് ഒരു സുവിശേഷമായും നിങ്ങളുടെ ഹൃദയങ്ങൾ സമാശ്വാസം കൊള്ളുന്നതിനും വേണ്ടി മാത്രമാണ് അല്ലാഹു ഇങ്ങനെ ആക്കിയിട്ടുള്ളത്. വാസ്തവത്തിൽ സഹായം പ്രതാപശാലിയും യുക്തിജ്ഞനുമായ അല്ലാഹുവിൽ നിന്നല്ലാതെ ലഭിക്കുകയില്ല.”** (3: 127) ശത്രുവിന്റെ എണ്ണാധിക്യത്താൽ എണ്ണത്തിൽ കുറവായ വിശ്വാസികളുടെ ഹൃദയങ്ങൾ നിർവീര്യമാകാതിരിക്കാൻ വേണ്ടിയാണിത്. പരമോന്നതനായ അല്ലാഹു പറയുന്നു. **“അവനത്രെ വിശ്വാസികളുടെ ഹൃദയങ്ങളിൽ സമാധാനം ഇറക്കിയവൻ, അവർക്ക് (മുമ്പേയുള്ള) വിശ്വാസത്തോടൊപ്പം അവരുടെ വിശ്വാസം വർദ്ധിക്കുന്നതിനുവേണ്ടി”** (48:5)

സർവ്വ ശക്തനായ അല്ലാഹു ഹൃദയത്തിൽ ശാന്തിയും സമാധാനവും സൃഷ്ടിക്കുന്നു. വിശ്വാസികളുടെ വിശ്വാസത്തെ വീണ്ടും അരക്കിട്ടു ഉറപ്പിക്കുന്നതിനുവേണ്ടി. വിശ്വാസികളുടെ വിശ്വാസത്തെ വീണ്ടും ഉറപ്പിക്കുന്നതിന്റെ ഫലമായി യുദ്ധാവസരത്തിലും, പ്രയാസാവസരത്തിലും സത്യനിഷേധികൾക്കെതിരിൽ സ്ഥിരചിത്തരായി അവർ നിലകൊള്ളുന്നതിന് വേണ്ടിയാണ്.

അപ്പോൾ, അവരുടെ ഹൃദയങ്ങളിലുള്ളത് അല്ലാഹു അറിഞ്ഞു. അങ്ങനെ അല്ലാഹു അവർക്ക് മനസമാധാനം ഇറക്കികൊടുത്തു. അവർക്ക് ആസന്നമായൊരു വിജയം പ്രതിഫലമായി നൽകുകയും ചെയ്തു. (48:19)

**“(അവരത്രെ) വിശ്വസിക്കുകയും അല്ലാഹുവിന്റെ സ്മരണമൂലം മനസമാധാനം പ്രാപിക്കുകയും ചെയ്തവർ. അറിയുക. അല്ലാഹുവിന്റെ സ്മരണകൊണ്ട് മാത്രമേ മനസമാധാനം കൈവരികയുള്ളൂ.”** (13:29)

അല്ലാഹുവിനെ സ്മരിക്കുന്നതിലൂടെ വിശ്വാസികളുടെ ഹൃദയങ്ങൾക്ക് സമാധാനം ലഭിക്കുന്നു. സർവ്വശക്തനായ അല്ലാഹുവിനെ സ്മരിക്കുന്നതിൽ നിന്നും അകന്ന ഹൃദയങ്ങൾക്ക് പ്രയാസം, ബുദ്ധിമുട്ട്, ഭയം ഇവയാണ് പ്രതിഫലം. ബഹു ദൈവ വിശ്വാസികളെ സംബന്ധിച്ച് അല്ലാഹു (ത) പറയുന്നു **" അല്ലാഹുവിനെക്കുറിച്ച് മാത്രം പ്രസ്താവിക്കപ്പെടുമ്പോൾ പരലോകത്തിൽ വിശ്വാസമില്ലാത്തവരുടെ ഹൃദയങ്ങൾക്ക് അറപ്പും വെറുപ്പും ഉണ്ടാകുന്നു. അവന് പുറമെയുള്ളവരെ സംബന്ധിച്ച് പ്രസ്താവിക്കപ്പെടുമ്പോൾ അവർ അതാ സന്തുഷ്ടരാകുന്നു." (39:46)**

അല്ലാഹുവിനെക്കുറിച്ചും അവന്റെ ഏകത്വത്തെക്കുറിച്ചും കേൾക്കുമ്പോൾ അവരുടെ (ബഹുദൈവ വിശ്വാസികളുടെ) ഹൃദയങ്ങൾ അതാ അസ്വസ്ഥമാകുന്നു ; എന്നാൽ വിഗ്രഹങ്ങളെക്കുറിച്ച് പറയപ്പെടുമ്പോൾ അവരുടെ ഹൃദയങ്ങൾ സന്തോഷഭരിതമാകുന്നു. അത് അവരുടെ മുഖത്ത് പ്രകടമാകുന്നതുമാണ്.

സത്യം മനസ്സിലാക്കുകയും അത് സ്വീകരിക്കുന്നതിൽ കാലതാമസം വരുത്തുകയും ചെയ്യുന്ന വിശ്വാസികളെ അല്ലാഹു (ത) കർശനമായി താക്കീത് ചെയ്തിരിക്കുന്നു. **"അല്ലാഹുവിനെയും (അവനിൽ നിന്ന്) അവതരിച്ച സത്യത്തെയും ഓർത്ത് തങ്ങളുടെ ഹൃദയങ്ങൾ ഭയപ്പെടാനും, മുമ്പൊരു കൂട്ടർക്ക് ഗ്രന്ഥം നൽകപ്പെട്ടിട്ട് അവർക്ക് കാലം ദീർഘിക്കുകയും അങ്ങനെ, അവരിലധികംപേരും ആജ്ഞാലംഘകരായിരിക്കെ അവരുടെ ഹൃദയങ്ങൾ കടുത്തു പോവുകയും ചെയ്തവരെപ്പോലെ ആകാതിരിക്കാനും സത്യവിശ്വാസികൾക്ക് ഇനിയും സമയമായിട്ടില്ലേ ?" (57:17)**

ഹസ്രത് അബ്ദുല്ലാഹ് ഇബ്ന് മസൂദ് (റ) റിപ്പോർട്ട് ചെയ്യുന്നു. **" ഈവചനത്തിന്റെ അടിസ്ഥാനത്തിൽ അല്ലാഹു (ത) യുടെ കർശന ശാസനയ്ക്കും, അവരുടെ ഇസ്ലാമത സ്വീകരണത്തിനുമിടയിലുള്ള കാലയളവ് 4 വർഷമായിരുന്നു."**

അല്ലാഹു(ത) പറയുന്നു. **" അല്ലാഹുവിനെ സംബന്ധിച്ച് പറയപ്പെട്ടാൽ തങ്ങളുടെ ഹൃദയങ്ങൾ ഭയചകിതമാകുകയും അവന്റെ വചനങ്ങൾ അവർക്ക് ഓതികേൾപ്പിക്കപ്പെട്ടാൽ അത് അവർക്ക് വിശ്വാസത്തെ വർധിപ്പിക്കുകയും, തങ്ങളുടെ നാഥനിൽ (സർവസ്വവും) അർപ്പിക്കുകയും ചെയ്യുന്നവർ മാത്രമാണ് (യഥാർത്ഥ) വിശ്വാസികൾ"** (8:3) മറ്റൊരു വചനത്തിൽ അല്ലാഹു (ത) പറയുന്നു. **"അറിയുക. അല്ലാഹുവിന്റെ സ്മരണകൊണ്ട് മാത്രമേ മനസമാധാനം കൈവരികയുള്ളൂ."(13:29)**

മുകളിൽ സൂചിപ്പിക്കപ്പെട്ട രണ്ട് വചനങ്ങൾ ഗ്രഹിക്കുന്നതിൽ ഒരാൾക്ക് പ്രയാസം നേരിടാം. ഒരു സന്ദർഭത്തിൽ അല്ലാഹുവിനെ ഓർക്കുമ്പോൾ ഭയം ഉണ്ടാകുന്നു. മറ്റൊരു സന്ദർഭത്തിൽ അല്ലാഹുവിനെ ഓർക്കുമ്പോൾ സമാധാനം കണ്ടെത്തുന്നു. യഥാർത്ഥത്തിൽ ഇവ തമ്മിൽ പൊരുത്തക്കേടൊന്നുമില്ല. ഭയം ഉണ്ടാകുന്നത് ശിക്ഷയെക്കുറിച്ച് ഓർക്കുന്നത് കൊണ്ടാണ്. എന്നാൽ ഹൃദയ സമാധാനം കണ്ടെത്തുന്നത് വിശ്വാസപരമായ ഉറപ്പു കൊണ്ടാണ്. ഭയവും പ്രതീക്ഷയും ഏക വേദിയിൽ വിശദീകരിക്കുന്ന ഒരു വചനം കാണുക.

**"അല്ലാഹു ഏറ്റവും വിശിഷ്ടമായ വചനത്തെ – പരസ്പരം സാദൃശ്യമുള്ളതും (വിവിധ രീതികളിൽ) ആവർത്തിക്കപ്പെടുന്നതുമായ (വചനങ്ങൾ ഉൾക്കൊള്ളുന്ന) ഒരു ഗ്രന്ഥത്തെ – അവതരിപ്പിച്ചിരിക്കുന്നു. അത് മുഖേന തങ്ങളുടെ നാഥനെ ഭയപ്പെടുന്നവരുടെ തൊലികൾക്ക് രോമാഞ്ചമുണ്ടാകുന്നു. പിന്നീട് അവരുടെ തൊലികളും, ഹൃദയങ്ങളും മൃദുവായിക്കൊണ്ട് അല്ലാഹുവിന്റെ സ്മരണയിലേക്ക് ചായുന്നു. ഇതാണ് അല്ലാഹുവിന്റെ മാർഗ്ഗദർശനം. അതുമുഖേന അവൻ ഇച്ഛിക്കുന്നവരെ അവൻ നേർവഴിയിൽ നയിക്കുന്നു. അല്ലാഹു ഏതൊരുവനെപ്പറ്റി വഴിപിഴച്ചവനാണെന്ന് തീരുമാനിക്കുന്നുവോ അവന് ഒരു വഴികാട്ടിയും ഉണ്ടാവുകയില്ല." (39:24)**

അല്ലാഹുവിന്റെ ശിക്ഷയെക്കുറിച്ച് ഓർക്കുന്നതുകൊണ്ടാണ് ഭയം ഉണ്ടാകുന്നത് ; എന്നാൽ അല്ലാഹുവിനെ ഓർക്കുന്നതിലൂടെ മഹത്തായ പ്രതിഫലങ്ങളുടെ പ്രതീക്ഷകൾ ഉടലെടുക്കുന്നു. അപ്പോൾ ഭയം പ്രതീക്ഷകൾക്ക് വഴിമാറുകയും അവ ശാന്തിയിലേക്കും സമാധാനത്തിലേക്കും വഴി നടത്തുകയും ചെയ്യുന്നു. വിശ്വാസികളുടെ ഹൃദയങ്ങളിൽ മാത്രമാണ് ഈ മാറ്റം സൃഷ്ടിക്കപ്പെടുന്നത്. ഒരു പ്രവാചക വചനത്തിൽ ഇപ്രകാരം റിപ്പോർട്ട് ചെയ്തിരിക്കുന്നു. **"അല്ലാഹുവിന്റെ ശിക്ഷയെ ഒരാൾ ഭയപ്പെടുമ്പോൾ അവന്റെ പാപങ്ങളെല്ലാം, ഒരു വൃക്ഷത്തിൽ നിന്നും ഉണങ്ങിയ ഇലകൾ കൊഴിഞ്ഞു പോകുന്നതുപോലെ, കൊഴിഞ്ഞുപോകുന്നതാണ്."**

ഹസ്രത് ഖത്താദ: (റ) പറയുന്നു. **"ദൈവീക മനുഷ്യരുടെ ഗുണഗണങ്ങളെക്കുറിച്ചാണ് അല്ലാഹു (ത) ഇവിടെ പ്രതിപാദിക്കുന്നത്. അവർ അല്ലാഹുവിന്റെ ശിക്ഷയെ ഭയപ്പെടുന്നു.; എന്നാൽ അല്ലാഹുവിനെ സ്മരിക്കുന്നതിലൂടെ ഹൃദയ സമാധാനം ആർജ്ജിക്കുന്നു."** അവരുടെ ഇന്ദ്രിയ ശക്തികളെല്ലാം നശിച്ചുപോകും; അവരുടെ അവസ്ഥയെ മാറിപോകും എന്നൊന്നും അല്ലാഹു പറഞ്ഞിട്ടില്ല. ഇവയൊക്കെ നൂതന സൃഷ്ടികളും പിശാചിന്റെ സ്വാധീനങ്ങളുമാണ്.

താഴെപ്പറയുന്ന വചനത്തിലൂടെ അല്ലാഹു (ത) തന്റെ അനുഗ്രഹീത ദാസന്മാരുടെ അവസ്ഥ വർണ്ണിക്കുന്നു.
**" തങ്ങളുടെ നാഥങ്കലേക്ക് മടങ്ങി ചെല്ലുന്നവരാണെന്ന കാരണത്താൽ ഹൃദയം ഭയപ്പെട്ടുകൊണ്ട് തങ്ങൾ ദാനം ചെയ്യുന്നതെല്ലാം ദാനം ചെയ്യുന്നവരും"**

**“അവർ നന്മകൾ ചെയ്തു. അവരുടെ പ്രവർത്തനങ്ങൾ തിരസ്ക്കരിക്കപ്പെടുന്നത് അവർ ഭയപ്പെട്ടു. ആയിശ (റ) റിപ്പോർട്ട് ചെയ്തിരിക്കുന്നു അവർ തിരുദൂതരോട് ചോദിച്ചു. അല്ലയോ അല്ലാഹുവിന്റെ ദൂതരേ ! മുകളിൽ പറഞ്ഞ വചനം കൊണ്ട് ഉദ്ദേശിക്കുന്നത് മദ്യപിക്കുകയും, കപട മാർഗ്ഗത്തിലൂടെ കൈവശപ്പെടുത്തുകയും ചെയ്തവരുടെ കാര്യമാണോ ? അല്ലാഹുവിന്റെ ദൂതൻ മറുപടി നൽകി. സിദ്ദീഖിന്റെ മകളെ ! അതല്ല ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. വ്യതാനുഷ്ഠാനം ചെയ്യുകയും, ദാനധർമ്മങ്ങൾ കൊടുക്കുകയും, തങ്ങളുടെ പ്രവർത്തനങ്ങൾ തിരസ്ക്കരിക്കുന്നത് ഭയപ്പെടുകയും ചെയ്യുന്നവരുടെ കാര്യമാണ്. അവരാണ് നന്മയിൽ മുൻ കടക്കുന്നത്..... ”**

എന്റെ പ്രിയ സഹോദരീ സഹോദരന്മാരെ ! എന്റെ വെള്ളിയാഴ്ച പ്രഭാഷണത്തിന്റെ വിഷയം വളരെ വലുതാണ്. ആയതിനാൽ ഇന്ന് ഇത് ഇവിടെ നിർത്തുകയാണ്. അടുത്ത വെള്ളിയാഴ്ചയും ഇതേ വിഷയം തുടരുന്നതിനുള്ള തൗഫീഖിനായി എന്റെ റബ്ബിനോട് ഞാൻ പ്രാർത്ഥിക്കുന്നു. ഇന്ന് ചെയ്ത പ്രഭാഷണവും ഇതേ വിഷയത്തിൽ മുമ്പ് ചെയ്ത പ്രഭാഷണങ്ങളും വളരെ പ്രാധാന്യം അർഹിക്കുന്നതാണ്. ഈ പ്രഭാഷണ വാക്കുകൾ അല്ലാഹു, താൻ തന്നെ ഇറക്കിയതും ആയത് ദൈവീക മഴ വർഷിക്കുന്നതു പോലെ എന്നിലേക്ക് പെയ്തിറങ്ങുകയുമായിരുന്നു എന്നതിൽ എനിക്ക് അശേഷം സംശയമില്ല. ഇത് വിവിധ ഭാഷകളിൽ പുസ്തകരൂപത്തിലാക്കുവാൻ എന്റെ അനുയായികളെ അല്ലാഹു (ത) സഹായിക്കുമെന്ന് എനിക്കുറപ്പുണ്ട്. തദ്വാര എല്ലാവർക്കും ഇത് പ്രയോജനകരമായി തീരുന്നതാണ്. ഇൻശാ അല്ലാഹ് !.

ഇൻശാ അല്ലാഹ് ! ഈ മഹത്തായ യജ്ഞത്തിൽ അല്ലാഹു (ത) അവരെയെല്ലാവരെയും അനുഗ്രഹീക്കട്ടെ ! ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള എന്റെ പ്രിയ അനുയായികളെ അല്ലാഹു സഹായിക്കട്ടെ ! അവർ ദൈവമാർഗ്ഗത്തിൽ നേരിടുന്ന പരീക്ഷണങ്ങളെയും പ്രയാസങ്ങളെയും അതിജീവിക്കുവാൻ അവൻ തുണയ്ക്കട്ടെ ! ഈ നൂറ്റാണ്ടിലെ ദൈവീക പ്രതിഭാസത്തിലൂടെ അവർക്ക് ഹൃദയ സമാധാനം ലഭിക്കുമാറാകട്ടെ ! ഈ ശാശ്വത സമാധാനം ദൈവീക സഹായത്തോടെ കരസ്ഥമാക്കുവാൻ അല്ലാഹു അവരെ പ്രാപ്തമാക്കട്ടെ ! ആമീൻ.

**Translated & Issued By**
**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala South zone
*Ph: 9447001832 / 0475 2220223*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*

*****************